Peer Reviewed
Research Journal

ISSN 3107-8249
Vol 2 | Issue 1
January 2024

# സാഹിത്യസാഹ്യം

## മാധ്യമവിനിമയഭേദങ്ങൾ



മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

# ഉള്ളടക്കം


**ഭാഷാവിനിമയം**

1. ഭാഷാവിനിമയങ്ങൾ: സാങ്കേതികതയും സാംസ്കാരികതയും 15

**ഡോ. കെ.പി. രവിചന്ദ്രൻ**

**സാഹിത്യവിനിമയം**

2. കവിത : സാംസ്കാരികപ്രതിരോധങ്ങളുടെ പ്രതിപക്ഷമാധ്യമം 27

**ഡോ. അജയകുമാർ ജി.**

3. വിനിമയമാധ്യമങ്ങളുടെ പാരസ്പര്യം: എസ്.ആർ. ലാലിന്റെ 'കർണ്ണപർവം' ആസ്പദമാക്കി ഒരു അപഗ്രഥനം 36

**മനോജ് കെ.എസ്.**

4. പെണ്ണടൽ : പ്രതിനിധാനത്തിന്റെയും പ്രതിരോധത്തിന്റെയും മാധ്യമം 45

**ഡോ. സ്മിത ഡാനിയേൽ എസ്.എൽ.**

5. ഫെയ്സ്ബുക്ക് സ്വാധീനം മലയാളചെറുകഥകളിൽ 54

**മായ ജി. കൃഷ്ണൻ**

**നാടകവിനിമയം**

6. മലയാളനാടകവേദിയുടെ പരിണതികൾ 69

**ഡോ. ഡി.വി. അനിൽകുമാർ**

## ചലച്ചിത്രവിനിമയം


7. സിനിമയും സാഹിത്യവും 81
ഡോ. ബി. ശ്രീകുമാർ സമ്പത്ത്

8. ചലച്ചിത്രവിനിമയം: സാധ്യതയും സാക്ഷാത്കാരവും 92
ഡോ. പ്രിയ വി.

9. അധികാരവിനിമയഭേദങ്ങൾ: സിനിമയിലും സാഹിത്യത്തിലും 99
ഡോ. മേഴ്സി കെ.വി.

10. ഡോക്യുമെന്ററി: വിനിമയത്തിന്റെ സാമൂഹികമാനങ്ങൾ 111
ശ്രീരാജ് സി.എൽ.

11. മാധ്യമഭേദങ്ങളിൽ പരാവർത്തനം ചെയ്യപ്പെടുന്ന പെൺശബ്ദങ്ങൾ: ഫീമെയിൽ വോയ്സ് സിദ്ധാന്തത്തെ മുൻനിർത്തിയുള്ള പഠനം 119
ഡോ. ഗീതു സിദ്ധൻ ജി.

12. വരികളിൽ വായിക്കാവുന്ന സിനിമകൾ : ജി. ആർ. ഇന്ദുഗോപന്റെ അനുകല്പനം ചെയ്യപ്പെട്ട രചനകളിലൂടെ ഒരന്വേഷണം 129
പ്രവീൺ പ്രകാശ് ഇ.

13. സാങ്കേതികവിദ്യാഭിമുഖ്യവും ഭയവും ഇന്ത്യൻസിനിമയിൽ 141
ഗംഗ എം.

14. Queering the screen: സമീപകാലമലയാളസിനിമയിലെ LGBTQIA പ്രതിനിധാനം 147
ഷാഹിന വി.കെ.

15. കാലാവസ്ഥാവ്യതിയാനത്തിന്റെ വിനിമയസാധ്യതകൾ: കുഴങ്കൽ എന്ന ചലച്ചിത്രത്തിൽ 161
അലുബിയുഷ് ബി.യു.


## നാട്യവിനിമയം


16. ഇദം ശരീരം ക്ഷേത്രമിതി: മോഹിനിയാട്ടം സോപാനശൈലി 169
ഡോ. റിജ രവീന്ദ്രൻ

17. നർത്തനത്തിലെ ഹസ്തമുദ്രകൾ: നാട്യത്തിന്റെ മാധ്യമം 179
അനർഘ ഐ.എസ്.

18. സാഹിത്യവും അരങ്ങും: കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയെ മുൻനിർത്തിയുള്ള വായന 195
ശാലിനി രാമചന്ദ്രൻ


## വാർത്താമാധ്യമവിനിമയം


19. സത്യാനന്തരകാലത്തെ മാധ്യമങ്ങൾ 205
ഡോ. പി.എസ്. രാജേഷ് കുമാർ

20. കപടമൂല്യവ്യവസ്ഥയും വ്യാജആവശ്യങ്ങളും: പരസ്യങ്ങളുടെ സാധൂകരണയുക്തികൾ 211
ഡോ. സ്വപ്ന ശ്രീനിവാസൻ

21. പൊതുമണ്ഡലസങ്കല്പനവും പത്രമാധ്യമങ്ങളും 222
ഡോ. വീണാ ഗോപാൽ വി. പി.

22. ആകാശവാണി : ജനപ്രിയതയുടെ വേറിട്ട അറിവുകൾ 229
ഡോ. വന്ദന ബി.

23. മാധ്യമനൈതികത കെ. പി.കേശവമേനോനിൽ: 'മാതൃഭൂമി' യിലൂടെ ഒരന്വേഷണം 242
ഡോ. ജോമോൾ ജോസ്

24. വാർത്താമാധ്യമങ്ങളുടെ ജനകീയത: സാധ്യതകളും വെല്ലുവിളികളും 250
അരുണിമ ജയൻ എൽ.

25. മാധ്യമങ്ങളിലെ പെൺപക്ഷം 259
ഡോ. മഞ്ജു കെ.

26. മിത്തുകളിലെ സ്ത്രീസങ്കല്പങ്ങളുടെ പുനർനിർമ്മിതി സൈബർവാർത്താ ഇടങ്ങളിൽ 269
സോണി എസ്.ഡി.

27. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വനിതാമാഗസിനുകളും മലയാളിവനിതകളും 278
ഫാത്തിമ അസ്ല ബി.എ.




സാഹിത്യസാഹ്യം
മലയാളം റിസർച്ച് ജേണൽ - പിയർ റിവ്യൂഡ്
യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം

# മാധ്യമനൈതികത കെ. പി.കേശവമേനോനിൽ 'മാതൃഭൂമി' യിലൂടെ ഒരന്വേഷണം

**ഡോ. ജോമോൾ ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം,
സെയ്ന്റ് അലോഷ്യസ് കോളേജ്, എടത്വാ.

പ്രബന്ധസംഗ്രഹം

വിവരവിനിമയം നിർവഹിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്വാതന്ത്ര്യസമരകാലത്തു പത്രങ്ങൾക്കുകഴിഞ്ഞു. മാതൃഭൂമി ദിനപത്രത്തിന്റെ പ്രഥമപത്രാധിപരായിരുന്ന കെ. പി. കേശവമേനോന്റെ പ്രവർത്തനങ്ങൾ മാധ്യമനൈതികതയെ അടിസ്ഥാനപ്പെടുത്തി ഈ പ്രബന്ധത്തിൽ വിലയിരുത്തുന്നു.

മലബാറിലെ സ്വാതന്ത്ര്യസമരനേതാക്കൾ ദേശീയപ്രസ്ഥാനത്തെ അനുകൂലിക്കുന്ന ഒരു പത്രത്തിനുവേണ്ടി നടത്തിയ പരിശ്രമങ്ങളാണ് കെ.പി.കേശവമേനോന്റെ നേതൃത്വത്തിൽ മാതൃഭൂമിയുടെ ജനനത്തിനു കാരണമായത്. കാര്യങ്ങൾ നിഷ്പക്ഷമായി, ഭയരഹിതമായി അവതരിപ്പിക്കാനും വിമർശിക്കാനും പത്രങ്ങൾക്കുള്ള കടമയാണ് പത്രധർമ്മം എന്നതുകൊണ്ട് ലക്ഷ്യംവയ്ക്കുന്നത്. ആനുകാലികവിഷയങ്ങളിൽ പത്രത്തിന്റെ കാഴ്ചപ്പാടാണ് മുഖപ്രസംഗങ്ങൾ. മാതൃഭൂമി പത്രാധിപസ്ഥാനം കേശവമേനോന് ദേശസേവനോപാധി മാത്രമായിരുന്നു.പൊതുജനങ്ങളുടെ അറിവും സംസ്കാരവും വർദ്ധിപ്പിക്കുന്നതിൽ പത്രഭാഷ സുപ്രധാനമായ പങ്കുവഹിക്കുന്നു.

ദിനപത്രങ്ങൾക്ക് ഒരു രാഷ്ട്രീയപ്പാർട്ടിയോടും സ്ഥിരമായ മമതാബന്ധം പാടില്ല. പത്രാധിപസമിതി ജനമനസ്സാക്ഷി രൂപപ്പെടുത്തുന്ന ന്യായാധിപക്കൂട്ടായ്മ ആവണം. മാധ്യമനൈതികത പുലർത്തുന്ന ഒരു പത്രമെന്ന നിലയിൽ കേശവമേനോന്റെ പത്രാധിപത്യത്തിൽ മാതൃഭൂമി സമ്പൂർണ്ണവും ഉത്തമവും ആയിരുന്നു എന്നു വിലയിരുത്തപ്പെടുന്നു.

**സൂചകപദങ്ങൾ**

ദിനപത്രങ്ങൾ, മാതൃഭൂമി, പത്രധർമ്മം, പത്രഭാഷ, മുഖപ്രസംഗം, പത്രത്തിന്റെ രാഷ്ട്രീയചായ്‌വ്, പത്രാധിപപദവി, മാധ്യമനൈതികത, കേരളത്തിന്റെ കാരണവർ

ആശയവിനിമയത്തിന്റെ അനുക്രമവികാസപരിണാമമാണ് പത്രപ്രവർത്തനം. ഭാരതനവോത്ഥാനത്തിൽ പത്രങ്ങൾ നിർണായകസ്ഥാനം വഹിച്ചിട്ടുണ്ട്. പത്രങ്ങളും സാമൂഹികരാഷ്ട്രീയസ്ഥിതിഗതികളും തമ്മിൽ അഭേദ്യമായ ഒരു വിനിമയബന്ധമുണ്ട്. ആധുനികസാഹിത്യത്തിന്റെ ഉപക്രമണഘട്ടത്തിൽ പല കൃതികളും വെളിച്ചം കണ്ടത് പത്രമാസികകളിലൂടെയാണ്. ആശയവിനിമയകാര്യത്തിൽ വമ്പിച്ച സാധ്യതകൾ പ്രയോജനപ്പെടുത്താൻ സ്വാതന്ത്ര്യസമരകാലത്തു പത്രങ്ങൾക്കു കഴിഞ്ഞു. മാതൃഭൂമിദിനപത്രത്തിന്റെ പ്രഥമപത്രാധിപരായിരുന്നു ഐക്യകേരളകമ്മറ്റി ചെയർമാൻ കൂടിയായിരുന്ന കെ.പി. കേശവമേനോൻ. മാതൃഭൂമിയിലെ കേശവമേനോന്റെ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മാധ്യമനൈതികതയെപ്പറ്റിയുള്ള പഠനം ഈ പ്രബന്ധത്തിൽ നിർവഹിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇന്ത്യൻസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ ഏകരാഷ്ട്രീയപ്പാർട്ടിയായി പ്രവർത്തിച്ച കോൺഗ്രസിന് സ്വന്തമായി ഒരു പത്രമില്ലായിരുന്നു. കോൺഗ്രസ് പരിപാടികളെക്കുറിച്ചോ പ്രവർത്തനങ്ങളെക്കുറിച്ചോ വല്ലതും പത്രങ്ങൾക്ക് അയച്ചുകൊടുത്താൽത്തന്നെ അത് പ്രസിദ്ധപ്പെടുത്താൻ പല പത്രങ്ങളും തയ്യാറായില്ല. കാരണം നിലവിലെ ഭരണസംവിധാനത്തിനെതിരായ ലക്ഷ്യങ്ങളുള്ള ഒരു സംഘടനയെ പിന്താങ്ങാൻ പല പത്രങ്ങളും ഭയപ്പെടുകയാണ് ചെയ്തത് [1]. ഈ ഘട്ടത്തിലാണ് മാതൃഭൂമി ദിനപത്രം സ്ഥാപിതമായത്. കോൺഗ്രസിന്റെ പ്രവർത്തനങ്ങളെ തടയിടാനും കുപ്രചരണങ്ങൾ നടത്തി ജനങ്ങളെ സ്വാതന്ത്ര്യസമരപ്രവർത്ത

നങ്ങളിൽനിന്ന് പിന്തിരിപ്പിക്കാനും ബ്രിട്ടീഷുകാർ ശ്രമിച്ചുവന്നു. മലബാർ പ്രദേശത്ത് ഖിലാഫത്തിന് പിന്തുണ നൽകിയത് കോൺഗ്രസുകാരാണ് എന്ന ഒരു പ്രചാരണതന്ത്രവും ബ്രിട്ടീഷുകാരുടെ ഭാഗത്തുനിന്നുമുണ്ടായി. ഇതിലെ അപകടം മനസ്സിലാക്കിയ നേതാക്കൾ ദേശീയപ്രസ്ഥാനത്തെ അനുകൂലിക്കുന്ന ഒരു പത്രത്തിനുവേണ്ടി നടത്തിയ പരിശ്രമങ്ങളാണ് കെ. പി. കേശവമേനോന്റെ നേതൃത്വത്തിൽ മാതൃഭൂമിയുടെ ജനനത്തിനു കാരണമായത്. രാജ്യത്തിന്റെ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി കോൺഗ്രസിന് പിരിവുകൊടുക്കുന്ന മനോഭാവത്തോടെയാണ് മാതൃഭൂമിയുടെ ഓഹരികളിൽ ജനങ്ങൾ പങ്കുചേർന്നിരുന്നത്. 1923 മാർച്ച് 16-ന് രാത്രി മാതൃഭൂമിയുടെ ആദ്യപ്രതി ഫോർമാൻ കേശവമേനോന്റെ കൈകളിലേക്ക് മറ്റു പ്രവർത്തകരുടെ സാന്നിധ്യത്തിൽ കൈമാറിയത് പൂജാരി ദേവന്റെ പ്രസാദം കൈമാറുന്നതുപോലെയാണ് എന്ന് മാതൃഭൂമിയുടെ ചരിത്രഗ്രന്ഥം പറയുന്നുണ്ട്.[2] തന്റെ സ്മരണയിൽ പച്ചപിടിച്ചുനിൽക്കുന്ന ഒരു അനുഭൂതിയാണ് മാതൃഭൂമിയുടെ ജനനം എന്നു കേശവമേനോനും രേഖപ്പെടുത്തിയിട്ടുണ്ട്.[3] സ്വാതന്ത്ര്യവും സത്യവും വിളിച്ചോതുന്ന ആശയങ്ങൾ ദേവപ്രസാദം എന്ന മട്ടിലാണ് കേശവമേനോൻ കേരളീയർക്കു കൈമാറിയത്.ഒരു ഉത്തമസമൂഹത്തിന്റെ വളർച്ചയ്ക്ക് ജനങ്ങൾ എന്തൊക്കെ അറിയണമോ അവയൊക്കെത്തന്നെ പത്രത്തിലുൾപ്പെടുത്താൻ കേശവമേനോൻ ശ്രദ്ധിച്ചിരുന്നു. വിദേശപഠനകാലത്ത് അവിടുത്തെ പത്രങ്ങൾ നൽകിയ വായനാനുഭവം ഈ വിഷയത്തിൽ കേശവമേനോനു മുതൽക്കൂട്ടായിരുന്നു. അവയുടെ മാതൃകയിൽ തന്റെ പത്രത്തിന്റെ കെട്ടും മട്ടും ആകർഷകമാക്കാനും വിജ്ഞാനത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന വിഷയങ്ങൾ നർമ്മം കലർത്തി വിളമ്പാനും ശ്രദ്ധിച്ചു. വൈജ്ഞാനികവും രാഷ്ട്രതന്ത്രപരവും ദേശീയവും സാഹിത്യപരവുമായ വിഷയങ്ങൾ മാതൃഭൂമിയുടെ പേജുകളിൽ ഇടം തേടി .

സാമൂഹ്യജീവിതത്തിന്റെ നാനാവശങ്ങളിൽ വായനക്കാരെ പ്രബുദ്ധരാക്കണമെന്ന ദീർഘവീക്ഷണം മാതൃഭൂമി പത്രാധിപർക്ക് ഉണ്ടായിരുന്നു. ജനാധിപത്യത്തിന്റെയും സ്ഥിതിസമത്വത്തിന്റെയും അടിസ്ഥാനാശയങ്ങൾ മലയാളികളെ പരിചയപ്പെടുത്താൻ കേശവമേനോൻ തന്റെ ദിനപത്രം ഉപയോഗിച്ചു. ഒരു രാഷ്ട്രതന്ത്രജ്ഞന്റെ ഉൾക്കരുത്തും പൗരാവകാശബോധവും ദീർഘവീക്ഷണവും ഒരു പത്രാധിപരെന്ന നിലയിൽ കേശവമേനോനിൽ നമുക്കു ദർശിക്കാം. മാതൃഭൂമി ദിനപത്രത്തിന്റെ

ണ്ടാം ലക്കം ഒരു പത്രം എങ്ങനെയായിരിക്കണം എന്ന മേനോന്റെ ആശയാദർശങ്ങളുടെ വിളംബരം ആയിരുന്നു എന്നുപറയാം.

**പത്രധർമ്മം**

ആദർശനിഷ്ഠയോടുകൂടി നടത്തപ്പെടുന്ന വർത്തമാനപത്രം ബഹുജനസേവനത്തിനുള്ള ഒരു ഉപകരണമാണ്. വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കാനും ഭയരഹിതമായി വിമർശിക്കാനും പത്രങ്ങൾക്കുള്ള കഴിവാണ് പത്രധർമ്മം എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുക. നിഷ്പക്ഷത, ആദർശധീരത, നീതി, സത്യസന്ധത, നിസ്വാർത്ഥത ഇവയൊക്കെ വ്യക്തിത്വത്തിന്റെ അളവുകോലുകൾ ആകുന്നതുപോലെ പത്രങ്ങളുടെയും അളവുകോലുകളാണ്. വ്യക്തികളെപ്പോലെ പത്രങ്ങളും അവയുടെ അന്തസ്സും അഭിമാനവും നിലനിർത്തണം. ഒരു വ്യക്തിയെന്ന നിലയിൽ കേശവമേനോന് കൈമുതലായിരുന്ന സദ്ഗുണങ്ങളെല്ലാം മാതൃഭൂമിദിനപത്രത്തിന്റെ പത്രധർമ്മം കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം വിനിയോഗിച്ചുവെന്നുപറയാം. പത്രാധിപരുടെ വ്യക്തിത്വം പത്രത്തിന്റെ ഗുണമഹിമയെ നിയന്ത്രിക്കുക സ്വാഭാവികമാണ്. ഒരു ക്ഷേമരാഷ്ട്രത്തിന്റെ സംസ്കാരത്തെ നിർണയിക്കുന്നതും പാരമ്പര്യത്തെ വളർത്തിയെടുക്കുന്നതും ദിനപത്രങ്ങളാണ്. ലേഖകർക്ക് അവരുടെ ലേഖനങ്ങളുടെ യോഗ്യതയ്ക്കനുസരിച്ച് പ്രതിഫലം കൊടുക്കണമെന്ന അഭിപ്രായക്കാരനായിരുന്ന കേശവമേനോൻ . ലണ്ടനിലുള്ള എല്ലാ വർത്തമാനപത്രങ്ങളും ലേഖനങ്ങളുടെ യോഗ്യതയ്ക്കനുസരിച്ച് ലേഖകർക്ക് പ്രതിഫലം കൊടുത്തിരുന്നതുകൊണ്ട് എപ്പോഴും സാരഗർഭമായ ലേഖനങ്ങൾ വായിക്കുവാൻ വരിക്കാർക്ക് സാധിക്കുന്നുവെന്ന് കേശവമേനോൻ തന്റെ ബിലാത്തിവിശേഷം എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[4]

**മുഖപ്രസംഗങ്ങൾ**

ആനുകാലികവിഷയങ്ങളിൽ പത്രത്തിന്റെ കാഴ്ചപ്പാടാണ് മുഖപ്രസംഗങ്ങൾ . പത്രത്തിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളോടു ചേർന്നുനിൽക്കുകയും വേണം. ഒന്നാമത്തെ മുഖപ്രസംഗം വളരെ ശ്രദ്ധിച്ചാണ് കേശവമേനോൻ തയ്യാറാക്കിയത് എന്നദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. കൂട്ടിയും കുറച്ചും വെട്ടിയും തിരുത്തിയും പലതവണ മിനുസപ്പെടുത്തിയാണതു പ്രസിദ്ധീകരിച്ചതും. സ്വാതന്ത്ര്യപ്രാപ്തിയോടൊപ്പം ജനതയുടെ സാംസ്കാ

രികോന്നതി അദ്ദേഹം ലക്ഷ്യമിട്ടു. രാജ്യത്തിന്റെ പൊതുക്ഷേമം, മതനിരപേക്ഷത, സമത്വം, സ്വാതന്ത്ര്യം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനമായിരുന്നു കേശവമേനോന്റേത്. മാതൃഭൂമിപത്രവും പത്രാധിപരും ഇൻഡ്യൻ ജനതയോടുചെയ്ത പാവനപ്രതിജ്ഞയായിരുന്നു അദ്ദേഹത്തിന്റെ ആദ്യമുഖപ്രസംഗം. "രാജ്യത്തിന്റെ പൊതുക്ഷേമം മാത്രം ലക്ഷ്യമാക്കി സത്യത്തെ കൈവിടാതെ ഒരുതരക്കാരുടെയും മതക്കാരുടെയോ കാര്യത്തെ നിവർത്തിക്കുവാനല്ല ഞങ്ങൾ പുറപ്പെട്ടിരിക്കുന്നത് എന്ന് എപ്പോഴും ഓർമ്മവച്ച് സാധാരണാവശ്യങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും സമന്മാരാണെന്ന വിശ്വാസത്തോടെ സ്വാതന്ത്ര്യപ്രാപ്തിക്കായി നിരന്തരം പൊരുതുന്നതിൽ ഞങ്ങൾ ഒരിക്കലും പിന്നോക്കം വയ്ക്കുന്നതല്ല.[5] എന്നായിരുന്നു ആ പാവനപ്രതിജ്ഞ . ഇത് നിറവേറ്റുന്നതിൽ കേശവമേനോൻ അനുഭവിച്ച ത്യാഗങ്ങളുടെയും സഹനങ്ങളുടെയും ചരിത്രം കേശവമേനോന്റെ പുസ്തകങ്ങളിൽനിന്ന് നമുക്കു വായിച്ചെടുക്കാം. മാതൃഭൂമിയുടെ ചരിത്രം ഒന്ന്, രണ്ട് വാല്യങ്ങളും ഇതിന്റെ നേർസാക്ഷ്യങ്ങൾ നൽകുന്നു.

ഇൻഡ്യൻ ദേശീയബോധത്തെ ചോദ്യംചെയ്യുന്ന അധികൃതരുടെ ഏതു നടപടിയിലും മാതൃഭൂമി രോഷംകൊണ്ടു. ഇന്ത്യൻജനതയുടെ സ്വയംഭരണവാദങ്ങളെ ആളിക്കത്തിക്കാൻ കേശവമേനോൻ തന്റെ 'മാതൃഭൂമി' വളരെ ഫലപ്രദമായി ഉപയോഗിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ കേശവമേനോനും കുടുംബവുമനുഭവിച്ച ത്യാഗങ്ങൾ വളരെയാണ്. ഈ ത്യാഗങ്ങളിൽ അദ്ദേഹം തന്റെ കുടുംബത്തെയും പങ്കുചേർത്തു . മാതൃഭൂമി പത്രാധിപസ്ഥാനം കേശവമേനോന് ദേശസേവനോപാധി മാത്രമായിരുന്നു. പത്രം ആരംഭിച്ച നാളുകളിൽ കേശവമേനോനും കുടുംബവും വീട്ടുചെലവിനുപോലും പണമില്ലാതെ വിഷമിച്ചിരുന്നു. പത്രത്തിന്റെ സാമ്പത്തിക അരിഷ്ടതയുടെ നാളുകൾ തനിക്കും അരിഷ്ടതയുടെ നാളുകളായിരുന്നുവെന്ന് കേശവമേനോൻ തന്റെ 'ജീവിതചിന്തകൾ' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്.[6]

**പത്രഭാഷ**

ഭാഷ ഉപയോഗിക്കുന്നതിൽ പത്രങ്ങൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. പൊതുജനങ്ങളുടെ അറിവും സംസ്കാരവും വർദ്ധിപ്പിക്കുന്നതിൽ പത്രഭാഷ സുപ്രധാനമായ പങ്കുവഹിക്കുന്നു. പത്രങ്ങളിലെ അഭിപ്രായങ്ങൾ മാത്രമല്ല; അതിലെ ഭാഷകൂടി ജനങ്ങൾ കണ്ടുപഠിക്കുന്നു. ചില

പത്രങ്ങളുടെ സ്വരവും മട്ടും മാതിരിയും പത്രസ്വാതന്ത്ര്യത്തിന്റെ സീമകളെ അതിലംഘിക്കുന്നതായി കെ.പി.കേശവമേനോൻ വിലയിരുത്തിയിട്ടുണ്ട്. പത്രങ്ങൾ തിരഞ്ഞെടുക്കുന്ന വർത്തമാനവും അതു വിവരിക്കുന്ന സമ്പ്രദായവും ഭാഷയും തൃപ്തികരമായിരിക്കണം. നല്ല വാർത്തകളും ചീത്ത വാർത്തകളും ജനങ്ങളെ അറിയിക്കുവാൻ പത്രാധിപർ ബാധ്യസ്ഥരാണ്. പക്ഷെ അത് സഭ്യമായ ഭാഷയിൽ മാത്രമേ ആകാവൂ.

## പത്രാധിപപദവി

പത്രപ്രവർത്തനം സുഗമമായി മുൻപോട്ടുപോകണമെങ്കിൽ പത്രാധിപരുടെ ആദർശാധിഷ്ഠിതമായ സേവനം അനിവാര്യമാണ്. അതേസമയം പത്രപ്രവർത്തനം ഒരു ബിസിനസ് കൂടിയാണ്. പണം മുടക്കിയാൽമാത്രമേ പത്രപ്രവർത്തനം നിർവഹിക്കുവാൻ സാധിക്കുകയുള്ളൂ. വരവും ചെലവും ഒരുപോലെ നിയന്ത്രിക്കാതിരുന്നാൽ ഏതൊരു വ്യാപാരവും അധികകാലം നിലനിൽക്കുകയില്ല. വ്യാപാരത്തിന്റെ ഉദ്ദേശ്യം ലാഭമാണ്. എന്നാൽ പത്രപ്രവർത്തനത്തിന്റെ പ്രധാന ഉദ്ദേശ്യം പൊതുജനസേവനമാണ്. പത്രാധിപരുടെ ലക്ഷ്യവും നയവും എതിർദിശയിലാവുക സ്വാഭാവികമാണ്. പക്ഷേ അവ ഒത്തുപോകേണ്ടത് പത്രത്തിന്റെ നടത്തിപ്പിന് അനിവാര്യവുമാണ്. പത്രധർമ്മനിഷ്ഠയും പത്രത്തിന്റെ സാമ്പത്തികവശങ്ങളും തമ്മിൽച്ചേരാതെ പോകുമ്പോൾ പത്രാധിപപദവി അന്തസ്സോടെ നിർവഹിക്കാൻ ബുദ്ധിമുട്ടുണ്ടായേക്കാം. സത്യം മറച്ചുവെച്ച് അധികാരികളെ പ്രീണിപ്പിക്കാൻ പത്രത്തിന്റെ ഉടമസ്ഥർ താത്പര്യപ്പെടുമ്പോൾ ആ വശങ്ങളിൽനിന്ന് വ്യതിചലിക്കുവാൻ പത്രാധിപർ നിർബന്ധിതരാകുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ട്.മലയാളപത്രപ്രവർത്തനചരിത്രത്തിന്റെ ആരംഭം മുതൽ ഇതിന് ഉദാഹരണങ്ങൾ കാണാം. സ്വദേശാഭിമാനി പത്രാധിപരായിരുന്ന രാമകൃഷ്ണപിള്ളയും പത്രം ഉടമസ്ഥനായിരുന്ന വക്കം മൗലവിയും തമ്മിലുണ്ടായിരുന്ന ഐക്യം വളരെ കൊട്ടിഘോഷിക്കപ്പെട്ടിട്ടുള്ളതാണ്. എങ്കിലും സ്വദേശാഭിമാനിപ്രസ്സ് ഗവൺമെന്റ് കണ്ടുകെട്ടിയതിന്റെ ഉത്തരവാദിത്തം പത്രാധിപരുടെ തലയിൽ കെട്ടിവയ്ക്കാനാണ് വക്കം മൗലവി ശ്രമിച്ചത് എന്നതാണ് യാഥാർത്ഥ്യം. 1914 ഓഗസ്റ്റിൽ നാടുകടത്തപ്പെട്ട തന്റെ പത്രാധിപരെ തള്ളിപ്പറഞ്ഞ് തന്റെ പ്രസ്സ് തിരികെ കിട്ടണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹം സർക്കാരിൽ ഹർജിസമർപ്പിച്ചതായി തെളിയിക്കുന്ന രേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്.' ഭിന്നരുചിക്കാരായ വായനക്കാരെ തൃപ്തിപ്പെടുത്താനാവാതെ പത്രാധിപന്മാർ വിഷമിക്കാറുണ്ട്. വാസ്തവത്തിൽ നടന്ന സംഭവങ്ങൾ

സ്വാർത്ഥതാൽപര്യത്തിനുവേണ്ടി മറക്കാനാഗ്രഹിക്കുന്നവരുടെ ശല്യം മറ്റൊരുവശത്ത്.[8] ഇപ്രകാരമുള്ള വിഷമങ്ങൾക്കിടയിൽ ഒരു പത്രാധിപരുടെ ധർമ്മം നിഷ്ഠയോടെ നിർവഹിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നു സ്വയം വിലയിരുത്തിയിട്ടുണ്ട്. ഒരു വാർത്തയുടെ പ്രാധാന്യവും വിശ്വാസയോഗ്യതയുമാണ് അതിനു പ്രസിദ്ധീകരണയോഗ്യത നിശ്ചയിക്കുന്നത്. പണനഷ്ടം നേരിട്ടാലും നീതിമാർഗം കൈവിടരുതെന്ന് 'നാം മുന്നോട്ട്' എന്ന പുസ്തകത്തിൽ കേശവമേനോൻ എഴുതിയിട്ടുണ്ട്.ഈ സൂക്തമാണ് പത്രാധിപർ എന്ന നിലയിലും കേശവമേനോനെ നയിച്ചിരുന്നത്.

## പത്രത്തിന്റെ രാഷ്ട്രീയചായ്‌വ്

ദിനപത്രങ്ങൾക്ക് ഒരു രാഷ്ട്രീയപ്പാർട്ടിയോടും സ്ഥിരമായ മമതാബന്ധം പാടില്ല. രാഷ്ട്രീയപ്പാർട്ടികൾ നേതാക്കളുടെ മൂല്യങ്ങൾക്കനുസരിച്ച് നയം മാറ്റുമ്പോൾ അവയെ തിരുത്തേണ്ട കോടതികളാണ് പത്രങ്ങൾ. വാർത്തകളും ആശയങ്ങളുമാണ് ആയുധങ്ങൾ. ഈ യുദ്ധം ജയിക്കണമെങ്കിൽ പത്രം സനാതനമൂല്യങ്ങളിൽ അടിയുറച്ചതായിരിക്കണം. എങ്കിൽ മാത്രമേ ജനമനസ്സുകളിൽ ആ പത്രത്തിന് ചിരസ്ഥായിയായ സ്ഥാനം ലഭിക്കുകയുള്ളൂ. മുഖപ്രസംഗങ്ങളെ ആനുകാലികവിഷയങ്ങളിലുള്ള വിധിന്യായങ്ങളായി വിലയിരുത്താം. പത്രാധിപസമിതിയാണ് ഇവിടെ ന്യായാധിപന്മാരുടെ കൂട്ടായ്മ. സ്വാതന്ത്ര്യപ്രാപ്തി ഇന്ത്യയുടെ അടിയന്തരലക്ഷ്യമായിരുന്നകാലത്ത് ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മാതൃഭൂമി കോൺഗ്രസിന്റെ പത്രമായി നിലകൊണ്ടു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കോൺഗ്രസിന്റെ ലക്ഷ്യം മാറിയപ്പോൾ മാതൃഭൂമിയുടെ നയം തുടർന്നു കൊണ്ടുപോകുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടതായി കെ.പി.കേശവമേനോൻ വെളിപ്പെടുത്തുന്നുണ്ട്.

## മാതൃഭൂമിയും കേശവമേനോനും

കെ.പി.കേശവമേനോൻ കേരളത്തിന്റെ കാരണവർ എന്ന നിലയിലാണ് അറിയപ്പെടുന്നത്. ഒരു മരുമക്കത്തായത്തറവാട്ടിലെ വലിയ കാരണവരായിരുന്നു അദ്ദേഹം. ആ മഹാമനസ്കതയും ദാനശീലവും നിസ്വാർത്ഥതയും ഔദ്യോഗികജീവിതത്തിലും അദ്ദേഹം പാലിച്ചു. 91-ാം വയസ്സിൽ മാതൃഭൂമിയിൽനിന്ന് ശമ്പളം വാങ്ങിക്കുമ്പോഴും മരുമക്കത്തായ സമ്പ്രദായമനുസരിച്ച് പെങ്ങന്മാർക്ക് കൊടുക്കേണ്ട വിഹിതം അദ്ദേഹം കൊടുത്തുവന്നിരുന്നുവെന്നത് പുതുതലമുറയ്ക്കു വിചിത്രമായി തോന്നിയേക്കാം. ഇന്ദിരാഗാന്ധി, 'ദി ഗ്രാൻഡ് ഓൾഡ് മാൻ ഓഫ് കേരള ' എന്നാണ്

അദ്ദേഹത്തെ വിളിച്ചത്. ഐക്യകേരള കമ്മിറ്റിയുടെ ചെയർമാനും അദ്ദേഹമായിരുന്നു. കേരളത്തിന്റെ കാരണവർ മാതൃഭൂമിയുടെ കാരണവർ കൂടിയായി മാറി. വിദേശജോലിക്കായി മാതൃഭൂമിയെ പിരിഞ്ഞപ്പോൾ മൂന്നു വയസ്സ് തികയാത്ത കൈക്കുഞ്ഞിനെ പിരിയുന്ന ദുഃഖമാണ് താൻ അനുഭവിക്കുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്.[9] വിദേശങ്ങളിലായിരുന്ന അവസരങ്ങളിലൊഴികെ മുഴുവൻ സമയവും മാതൃഭൂമിയുടെ പത്രാധിപരായിരുന്നു അദ്ദേഹം. മരണത്തിന് 80 ദിവസം മുൻപുവരെ അദ്ദേഹം മാതൃഭൂമിയിൽ ഹാജരായി. പല തൊഴിലുകളും താൻ ചെയ്തിട്ടുണ്ടെങ്കിലും മാതൃഭൂമിയിൽ ജോലി ചെയ്യുന്നതിന്റെ സുഖവും സന്തോഷവും മറ്റൊന്നിലും ലഭിച്ചിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

മാതൃഭൂമി കേശവമേനോന്റേതും കേശവമേനോൻ മാതൃഭൂമിയുടേതും ആയിരുന്നു. മാധ്യമനൈതികത പുലർത്തുന്ന ഒരു പത്രമെന്ന നിലയിൽ കേശവമേനോന്റെ പത്രാധിപത്യത്തിൽ മാതൃഭൂമി സമ്പൂർണ്ണവും ഉത്തമവുമായിരുന്നുവെന്ന് നിസ്സംശയം പറയാം.

**കുറിപ്പുകൾ**

1. കെ.പി.കേശവമേനോൻ, കഴിഞ്ഞകാലം, 2014, പുറം 127.
2. പി.സി. സുകുമാരൻ നായർ, പി.എം.സുകുമാരൻ (എഡി.) മാതൃഭൂമിയുടെ ചരിത്രം സംഗ്രഹം, മാതൃഭൂമി ബുക്സ്, 1998, പുറം 48.
3. കെ.പി. കേശവമേനോൻ, കഴിഞ്ഞകാലം, മാതൃഭൂമി ബുക്സ്, 2014, പുറം 134.
4. കെ.പി.കേശവമേനോൻ, ബിലാത്തിവിശേഷം, മാതൃഭൂമി ബുക്സ്, 2010, പുറം 70.
5. പി.സി.സുകുമാരൻ നായർ, പി.എം.സുകുമാരൻ. (എഡി.) മാതൃഭൂമിയുടെ ചരിത്രം (സംഗ്രഹം), മാതൃഭൂമി ബുക്സ്, 1998, പുറം 54.
6. കെ.പി.കേശവമേനോൻ, ജീവിതചിന്തകൾ, മാതൃഭൂമി ബുക്സ്, 1987, പുറം 182.
7. ചെറായി രാമദാസ് സ്വദേശാഭിമാനി, മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2011. ഒക്ടോ. 21-28, പുറം 13.
8. കെ.പി. കേശവമേനോൻ, സായാഹ്നചിന്തകൾ, മാതൃഭൂമി ബുക്സ്, 2013, പുറം 138.
9. പി.സി.സുകുമാരൻ നായർ, പി.എം.സുകുമാരൻ.(എഡി.) മാതൃഭൂമിയുടെ ചരിത്രം സംഗ്രഹം, മാതൃഭൂമി ബുക്സ്, 1998, പുറം 125.